## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *60** — **04.02.2020 ൽ മറുപടിക്ക്**

### സിറ്റി ഗ്യാസ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ഡോ.എൻ. ജയരാജ് :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | വീടുകളിൽ പ്രകൃതി വാതകം എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) & (ബി) | സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി കേരളത്തിൽ രണ്ട് ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. കേരളത്തിലെ 8 വടക്കൻ ജില്ലകളായ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം എന്നിവിടങ്ങളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുവാനായി ഇന്ത്യൻ ഓയിൽ -അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് ആണ് PNGRB യിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ 1250 വീടുകളിൽ ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം 10,000 വീടുകളിൽ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടാതെ 7 CNG സ്റ്റേഷനുകളും 10 കൊമേഴ്സ്യൽ കണക്ഷനുകളും, 4 ഇൻഡസ്ട്രിയൽ കണക്ഷനുകളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വരുംവർഷങ്ങളിൽ കൂടുതൽ |
| (ബി) | നടപ്പ് സാമ്പത്തിക വർഷം ഏതെല്ലാം ജില്ലകളിൽ ഇത് പ്രവർത്തന സജ്ജമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | | |

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് സ്വീകരിച്ചുവരുന്നു. മറ്റ് വടക്കൻ ജില്ലകളിലും അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി സ്ഥലം ഏറ്റെടുത്ത് സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br><br>കേരളത്തിന്റെ തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുവാൻ AG&P LNG Marketing Pvt.Ltd & Atlantic Gulf & Pacific എന്ന കൺസോർഷ്യത്തെയാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത ഏജൻസി, പദ്ധതി സമയബന്ധിതമായി പ്രാവർത്തികമാക്കു- ന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് സംസ്ഥാനത്തിന്റെ വിഹിതമെത്രയാണ്; ഈയിനത്തിൽ ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | PNGRB, സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി Lay, Build, Operate ചെയ്യുന്നതിനായി ഏജൻസികളെ ബിഡ്ഡിംഗിലൂടെയാണ് തെരഞ്ഞെടുക്കുന്നത്. ഈ പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിന് പ്രസ്തുത ഏജൻസികൾക്കു വേണ്ട സഹായങ്ങളാണ് സംസ്ഥാന സർക്കാർ നല്കി വരുന്നത്. സംസ്ഥാനത്തിന് യാതൊരുവിധ സാമ്പത്തിക ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ